തസ്തികകൾ സ്ഥിരമായി നികത്തപ്പെടുന്നതുവരെ നിലവിലുള്ള മാനദണ്ഡം പാലിച്ചു മാത്രമേ നിയമനം നടത്തുകയുള്ളൂ. ആലപ്പുഴ, പത്തനംതിട്ട ജില്ലകളിൽ നിലവിൽ ആരും ജോലി ചെയ്യുന്നില്ല.

കറന്റ് ഉല്പാദനം

81 (246) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിൽ എത്ര മെഗാവാട്ട് കറന്റ് കൂടുതൽ ഉല്പാദിപ്പിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം പദ്ധതികളിൽ എത്ര മെഗാവാട്ട് കറന്റ് കൂടുതൽ ഉല്പാദിപ്പിച്ചു?

ഉത്തരം

(എ) & (ബി) 876.1 മെഗാവാട്ട് സ്ഥാപിത ശേഷി വർദ്ധിപ്പിച്ചു.

പേപ്പാറ	-	3 മെഗാവാട്ട്
ലോവർ പെരിയാർ	-	180 മെഗാവാട്ട്
ബ്രഹ്മപുരം താപനിലയം	-	106.6 "
മാട്ടുപ്പെട്ടി	-	2 "
പെരിങ്ങൽ ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ	-	16 "
എൻ.ടി.പി.സി. കായംകുളം	-	350 "
ബി.എസ്.ഇ.എസ്.കൊച്ചി	-	40.5 "
കക്കാട് ജലവൈദ്യുത പദ്ധതി	-	50 "
കോഴിക്കോട് താപ നിലയം	-	120 "
ആകെ		876.1 മെഗാവാട്ട്

വൈദ്യുതിയുടെ അധിക ഉല്പാദനം

82 (247) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര യൂണിറ്റ് വൈദ്യുതി അധികമായി ഉല്പാദിപ്പിച്ചു; വിശദാംശം വെളിപ്പെടുത്താമോ ;

(ബി) കേരളത്തെ ഒരു വൈദ്യുതി മിച്ച സംസ്ഥാനമായി മാറ്റുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly